(ബി) ജല അതോറിറ്റി 30-8-2003-ന് പാസ്സാക്കിയ തീരുമാനം നമ്പർ 6410-ന് വിരുദ്ധമായി ഇത്തരം പ്രമോഷനുകൾ നടത്താനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 17-10-2003-ൽ ഡബ്ല്യു.പി.(സി) 30699/2003(ഡി) നമ്പർ റിട്ട് പെറ്റീഷനിലെ ഉറപ്പിന് വിരുദ്ധമായി ജല അതോറിറ്റിയിൽ ആർക്കും പ്രമോഷൻ നൽകിയിട്ടില്ല.

(ബി) ജല അതോറിറ്റി 30-8-2003-ന് പാസ്സാക്കിയ തീരുമാനം നമ്പർ 6410 ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ആയതിൻമേൽ തീരുമാനം ആകുന്നതു വരെ നാളിതുവരെ തുടർന്നുവന്ന രീതിയിൽ പ്രമോഷൻ നടത്തിവരുന്നു.

കല്ലാർ ഡൈവർഷൻ ഡാമിലെ വെള്ളം ചോർത്തുന്നതിനുള്ള തമിഴ്നാട് പദ്ധതി

46 [1732] ശ്രീ. എം. പി. ഗംഗാധരൻ:
„ ഡി. സുഗതൻ:
„ കെ. പി. വിശ്വനാഥൻ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാർ ഡാം, കല്ലാർ പുഴ, ഇരട്ടയാർ ഡാം, ഇടുക്കി പദ്ധതി എന്നിവയുടെ സ്കെച്ചും രേഖകളും ഉപയോഗിച്ച് തേനി കളക്ടറുടെ നേതൃത്വത്തിലുള്ള 15 അംഗ തമിഴ്നാട് സംഘം സംസ്ഥാനത്ത് സർവ്വേ നടത്തിയോ;

(ബി) പ്രസ്തുത രേഖകളും സ്കെച്ചും തമിഴ്നാടിന് എപ്രകാരം ലഭിച്ചു എന്ന് അന്വേഷിച്ചുവോ;

(സി) പ്രസ്തുത സർവ്വേ കല്ലാർ ഡൈവർഷൻ ഡാമിലെ ജലം രാമക്കൽമേട്ടിൽ നിന്ന് ടണൽ നിർമ്മിച്ച് സുരുളിയാറിലേക്ക് എത്തിക്കുവാൻ ഉള്ള പദ്ധതിയാണോ;

(ഡി) പ്രസ്തുത സംഘത്തിന് ഉടുമ്പൻചോല താലൂക്ക് ഓഫീസ് ജീവനക്കാർ വേണ്ട സഹായം ചെയ്തുകൊടുത്തിരുന്നോ;

(ഇ) തമിഴ്നാട് വെള്ളം ചോർത്തുന്നതിനുവേണ്ടി സർവ്വേ നടത്തിയ വിവരം കെ.എസ്.ഇ.ബി.-യിലെ ഇടുക്കിയിലുള്ള ഉദ്യോഗസ്ഥർ സർക്കാരിന് റിപ്പോർട്ട് ചെയ്തിരുന്നുവോ എന്നും അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർവ്വേ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിവരം ലഭ്യമല്ല.

(ഡി) ഇല്ല.

(ഇ) റിപ്പോർട്ട് ചെയ്തിട്ടില്ല.

കേരളത്തിനർഹമായ വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്താൻ നടപടി

47 [1733] ശ്രീ. എ. കെ. ബാലൻ:
" വി. കെ. ചന്ദ്രൻ:
" രാജു എബ്രഹാം:
" കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനർഹമായ വെള്ളം തമിഴ്നാട് ചോർത്തിക്കൊണ്ട് പോകുന്നത് തടയാൻ കേരളത്തിൽ നിലവിലുള്ള സംവിധാനം ഫലപ്രദമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംവിധാനം ശക്തിപ്പെടുത്തുന്നതിനും വെള്ളം ചോർത്താതിരിക്കുന്നതിനും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അന്തർ സംസ്ഥാന നദീജല കരാറുകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ നിയോഗിക്കപ്പെട്ട അഡ്ഹോക്ക് കമ്മിറ്റി എത്തിച്ചേർന്ന നിഗമനങ്ങൾ എന്തായിരുന്നു;

(ഡി) ഈ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഇ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നത് സംബന്ധിച്ച മന്ത്രിതല ചർച്ചയിലുണ്ടായിരിക്കുന്ന ധാരണകൾ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുതകുന്ന നിലയിലുള്ളതല്ലെന്ന രൂപത്തിൽ ഉയർന്നുവന്ന വിമർശനം സർക്കാർ പരിഗണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly